സംബന്ധിച്ച് വൈദ്യുതിയുടെ കാര്യത്തിൽ ഇപ്പോഴും സംശയമാണ്. അവിടെ ഒരു ജലസേചന പദ്ധതിയായിട്ടുകിലും അതിനെ രൂപാന്തരപ്പെടുത്താൻ സാധിക്കുമോ എന്നുള്ളത് പരിശോധിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ : സർ, സൈലന്റ്വാലിയെ സംബന്ധിച്ച് കേന്ദ്രം അംഗീകരിച്ച റിപ്പോർട്ട് എം. എൽ. എ. മാർക്ക് തരുമോ, മേശപ്പുറത്ത് വയ്ക്കുമോ, അല്ലെങ്കിൽ ഗവൺമെന്റ് ഞങ്ങളെ അറിയിക്കാൻ ഉള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുമോ ?

മി. സ്പീക്കർ : അത് ഈ സ്റ്റേജിൽ വേണ്ട.

(2) കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. എ. സി. ജോസ് : സർ, കേരളത്തിൽ അങ്ങോളമിങ്ങോളം പരന്നു കിടക്കുന്ന ഭൂവിഭാഗത്തിലുള്ള കെട്ടിട നിർമ്മാണത്തൊഴിലാളികളുടെ അവശതകളെക്കുറിച്ചാണ് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെയും ഈ സഭയുടെയും ശ്രദ്ധ എനിക്ക് ക്ഷണിക്കാനുള്ളത്. അവർ ഇന്ന് സെക്രട്ടേറിയറ്റ്, നടയിൽ അവരുടെ അവശതാ നിവാരണത്തിനുവേണ്ടി അവകാശദിനമായി ആചരിച്ചുകൊണ്ട് ഒരു കൂട്ട ഉപവാസം നടത്തുകയാണ്. "ഉമിനീർ ഇറക്കാതെ ഈ പാവങ്ങൾ പാകുമ്പോൾ ഉടകക്രിയ ചെയ്യാൻ പോലും ആരും മെനക്കെടാറില്ല" എന്ന് മഹാകവി ചങ്ങമ്പുഴ പാടിയതു പോലെ അവരെ സംബന്ധിച്ചിടത്തോളം ആരും അന്വേഷിക്കാൻ ഇല്ലാത്ത നിലയിൽ എത്തിയിരിക്കുകയാണ്. സ്ഥിരമായ തൊഴിൽ ഇല്ലാത്തവരാണ് ഇവർ. സ്ഥിരമായ തൊഴിലുടമയും ഇവർക്ക് ഇല്ല. വളരെ നീണ്ട കാലഘട്ടത്തിലേക്ക് അവരെ ഉപയോഗിക്കുന്ന വലിയ കോൺട്രാക്ടർമാർ അവരെ സ്ഥിര പണിക്കാരായി അംഗീകരിക്കുന്നുമില്ല. എന്നാൽ ഭൂരിപക്ഷത്തിനും തൊഴിൽ ഇല്ലാത്ത സ്ഥിതിവിശേഷമാണ് വന്നുകൊണ്ടിരിക്കുന്നത്. സമൂഹത്തിന്റെ താഴെക്കിടയിൽ കിടക്കുന്ന അടിസ്ഥാന വർഗ്ഗമായ ഈ തൊഴിലാളികൾക്ക് സാമൂഹ്യമായി യാതൊരു അംഗീകാരവുമില്ല ആ സ്ഥിതിക്ക് ഒരു പരിഹാരം ഉണ്ടാകണം. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് ചർച്ചാവേളയിൽ ഈ വിഷയം ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അദ്ദേഹം അന്നുതന്നെ തൊഴിൽ വകുപ്പു സെക്രട്ടറിയായ ശ്രീ. മഹാബലറാവുവിനെ ഏകാംഗ കമ്മീഷനായി നിയമിക്കുകയും ചെയ്തു. ഞാൻ അതിന് അദ്ദേഹത്തോട് നന്ദി പ്രകാശിപ്പിക്കുകയാണ്.

സർ, ആ ഏകാംഗ കമ്മീഷൻ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും പോയി തെളിവെടുപ്പു നടത്തി. വളരെ വ്യാപകമായി അദ്ദേഹം തെളിവെടുപ്പു നടത്തിയെന്നാണ് ഞാൻ മനസിലാക്കുന്നത്. പക്ഷേ ഇന്നുവരെ അതിന്റെ റിപ്പോർട്ട് വന്നിട്ടില്ല. ആ റിപ്പോർട്ട് എത്രയും വേഗം പ്രസിദ്ധപ്പെടുത്തണം. കേരളത്തിൽ ഇന്നു മൂന്നു തരത്തിലുള്ള ക്ഷേമനിധികളുണ്ട്. കേരളാ ചെത്തുതൊഴിലാളി ക്ഷേമനിധി നിയമം, കേരള പ്രൈവറ്റ് മോട്ടോർ വർക്കേഴ്സ് വെൽഫയർഫണ്ട് ഓർഡിനൻസ്, കേരള കാഷ്യൂ വർക്കേഴ്സ് റിലീഫ് ആൻഡ് വെൽഫയർ ഫണ്ട് ആക്ട് 1979, ഇങ്ങനെ മൂന്ന് നിയമങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പം തൊഴിൽവകുപ്പു മന്ത്രി മുൻകൈ എടുത്തുകൊണ്ട് ചുമട്ടു തൊഴിലാളി നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിരിക്കുകയാണ്. അതേ മാതൃകയിൽ ആവശ്യമായ ഭേദഗതികളോടും സംരക്ഷണത്തോടും കൂടി കേരളത്തിലെ കെട്ടിട

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണ തൊഴിലാളികൾക്ക് സഹായകമായ ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്നതിന്, ആവശ്യമായ നിയമനിർമ്മാണം ഉണ്ടാക്കണം. കേരളത്തിൽ ഏറ്റവും കൂടുതൽ മുതൽമുടക്ക് ഉള്ള ഒരു വ്യവസായമാണ് കെട്ടിട നിർമ്മാണം. മറേതു വ്യവസായത്തെക്കാളും കേരളത്തിലങ്ങോളമിങ്ങോളം ഗ്രാമാന്തരങ്ങളിലും പണിയെടുക്കുന്ന ഏറ്റവും അധികം പണം മുടക്കിയിട്ടുള്ള ഒരു വ്യവസായമാണ് കെട്ടിട നിർമ്മാണം. അതുകൊണ്ട് അത് ഒരു വ്യവസായമായി അംഗീകരിക്കുകയും അതിനാവശ്യമായ സംരക്ഷണം ആ തൊഴിലാളികൾക്ക് കൊടുക്കുവാൻ സാധിക്കുകയുംവേണം. ഇന്നുവരെ അവരെ സംബന്ധിച്ചിടത്തോളം യാതൊരു സംരക്ഷണവുമില്ല. ഗവൺമെൻറിന്റെ ഖജനാവിൽനിന്ന് ഒരു പൈസപോലും ചെലവില്ലാതെതന്നെ ഒരു ക്ഷേമനിധി ഉണ്ടാക്കാൻ കഴിയും.

ഇവിടെ കെട്ടിട നിർമ്മാണത്തിനുവേണ്ടിയുള്ള പ്ലാൻ നഗര സഭകളിലും പഞ്ചായത്തുകളിലും ഏൽപ്പിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ ഏൽപ്പിക്കുന്ന പ്ലാനിന് ഒരു ശതമാനം നികുതി ഏർപ്പെടുത്തി കഴിഞ്ഞാൽ അവർക്ക് ഒരു ക്ഷേമനിധി ഉണ്ടാക്കാൻ കഴിയും. ഇവിടെ സിമൻറ്, കമ്പി മുതലായ സാധനങ്ങൾ വൻതോതിൽ വിൽപ്പന നടത്തുന്നുണ്ട്. അതിൽ ഏതെങ്കിലും ഒരു ചെറിയ ശതമാനം സെസ് കൂടി ഏർപ്പെടുത്തി കഴിഞ്ഞാൽ അതിൽ നിന്നും ലഭിക്കുന്ന തുകകൊണ്ട് കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ആവശ്യമായ ക്ഷേമനിധിക്കുള്ള തുക ഉണ്ടാക്കാൻ കഴിയും. വലിയ കോൺട്രാക്ടർമാരുടെ കയ്യിൽനിന്നും അവരെ തരം തിരിച്ചോ തിരിക്കാതെയോ ഒരു തുക ഉണ്ടാക്കണം. മറെറല്ലാ തൊഴിലിനും പ്രോവിഡൻറ് ഫണ്ട് കോൺട്രിബ്യൂഷൻ മുതലാളിമാർ നൽകുന്നതുപോലെതന്നെ കോൺട്രാക്ടർമാരിൽനിന്നും ഒരു തുക ഈടാക്കാൻ കഴിഞ്ഞാൽ അതുകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ക്ഷേമനിധി ഏർപ്പെടുത്താൻ കഴിയും. അതുപോലെത്തന്നെ തൊഴിലാളികളിൽനിന്നും ഒരു ചെറിയ തുക ഈടാക്കുന്നതിൽ വിരോധമില്ല. വിശദമായി പരിശോധിച്ചുകൊണ്ട് ഈ രംഗത്ത് ആവശ്യമായ നിയമനിർമ്മാണം നടത്തി സമൂഹത്തിലെ അടിസ്ഥാന വർഗ്ഗമായ ലക്ഷക്കണക്കിനു വരുന്ന ഈ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ആവശ്യമായ ക്ഷേമനിധിയും നിയമനിർമ്മാണവും നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവരുടെ ദുരിതങ്ങൾ ഈ സഭയുടെയും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽ ഞാൻ പെടുത്തുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി ഉണ്ടാക്കുന്നതിനെപ്പററി ഗവൺമെൻറ് പരിഗണിക്കുകയും എങ്ങനെ ഒരു വയബിൽ സ്കീം ഉണ്ടാക്കാമെന്നതിനെപ്പററി പഠിച്ച് റിപ്പോർട്ടു ചെയ്യുന്നതിന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ലേബർ സെക്രട്ടറി ശ്രീ. യു. മഹാബലറാവുവിനെ നിയമിക്കുകയും ചെയ്തു. അദ്ദേഹം എല്ലാ ഭാഗത്തുനിന്നും വിശദമായ പഠനം നടത്തിയതിനുശേഷം 8-7-1985-ൽ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതിലെ വിവിധ ശുപാർശകളെപ്പററി ഗവൺമെൻറ് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഏതു തരത്തിലുള്ള ഒരു വയബിലം സ്കീം ഉണ്ടാക്കാമെന്നുള്ളതാണ് പ്രധാനമായി പരിഗണിക്കുന്നത്. ഒരു കെട്ടിടം കെട്ടിക്കഴിയുമ്പോൾ അവിടുത്തെ തൊഴിലാളികളും കോൺട്രാക്ടറും മറെറാരു കെട്ടിടത്തിലേക്ക് പിരിഞ്ഞുപോകുന്ന സ്ഥിതി വിശേഷം ഉള്ളതുകൊണ്ട് സ്ഥിരമായ ഒരു എംപ്ലോയർ-എംപ്ലോയീ റിലേഷൻഷിപ്പ് ഒരാളെ പിൻപോയിൻറ് ചെയ്തുകൊണ്ട് ഉണ്ടാക്കാൻ കഴിയാത്ത ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിവിശേഷം ആ വ്യവസ്ഥയിലുണ്ട്. അതുകൊണ്ട് അദ്ദേഹം പറഞ്ഞ സജഷൻ പഞ്ചായത്തുകളിൽ ലൈസൻസ് കൊടുക്കുമ്പോഴും ആ പായിൻറിലാണോ ടാക്സേഷൻ വേണ്ടത്, അസംസ്കൃത പദാർത്ഥങ്ങളിലാണോ ടാക്സേഷൻ വേണ്ടത്, കോൺട്രാക്ടറുടെ കയ്യിൽ നിന്നും ലെവി പിരിക്കുകയാണോ, തൊഴിലാളികളിൽ നിന്നു പിരിക്കുകയാണോ വേണ്ടത് ഇങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി വളരെ വിശദമായി ഗവൺമെൻറ് പഠിച്ചു കൊണ്ടിരിക്കുകയാണ്. എത്രയും വേഗം ഈ പഠനം പൂർത്തിയാക്കി വയബിളായ സ്കീം നടപ്പിലാക്കാൻ കഴിയുമെന്ന് ബോദ്ധ്യമാകുകയാണെങ്കിൽ അവർക്ക് ഒരു വെൽഫെയർ സ്കീം ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടികളും എടുക്കുന്നതിനെപ്പറ്റി ഗവൺമെൻറ് ആലോചിച്ച് തീരുമാനം എടുക്കുന്നതായിരിക്കും.

ശ്രീ. എ. സി. ജോസ് : റിപ്പോർട്ട് നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗവൺമെൻറ് വളരെ ശ്രദ്ധാപൂർവ്വം പഠിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ഒരു ക്ഷേമനിധി ഏർപ്പെടുത്താൻ ഗവൺമെൻറ് തയ്യാറാണെന്നറിഞ്ഞതിലും സന്തോഷമുണ്ട്. അതോടൊപ്പം റിപ്പോർട്ട് തയ്യാറാക്കുന്നതിനു മുൻപ് ഇതുമായി ബന്ധപ്പെട്ട തൊഴിലാളികളേയും ബന്ധപ്പെട്ട ആളുകളേയും വിളിച്ച് ചർച്ച നടത്തി ഇക്കാര്യത്തിൽ ആവശ്യമായ ഭേദഗതികളും സ്വീകരിച്ചു കൊണ്ട് ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം.

ശ്രീ. കെ. ശിവദാസൻ : ഫൈനൽ തീരുമാനം ആകുന്നതിനു മുൻപ് ബന്ധപ്പെട്ട എല്ലാ ആളുകളേയും വിളിച്ചുകൂട്ടി ചർച്ച നടത്തുന്നതാണ്.

III സബ്മിഷൻ

(1) കണ്ണൂരിലനുവദിച്ച ഫിഷറീസ് ഡിസ്പെൻസറി

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടേയും ഉദ്യോഗസ്ഥൻമാരുടേയും മുൻപാകെ നിരവധി തവണ നിവേദനങ്ങളും നടത്തിയിട്ടും യാതൊരു പ്രയോജനവും ലഭിക്കാത്തതുകൊണ്ടാണ് ഒരു 9.40 A. M. സബ്മിഷനുമായി ഞാൻ ഈ സഭയിൽ വന്നത്. മുഖ്യമന്ത്രിക്കു കൂടി താല്പര്യമുള്ള ഒരു കാര്യമാണിത്. കണ്ണൂർ ജില്ലയിൽ മുഴുപ്പിനങ്ങാട്ട് ഒരു ഫിഷറീസ് ഡിസ്പെൻസറി 1979-ൽ അനുവദിച്ചിരുന്നു. നാട്ടുകാർ സ്ഥലവും കെട്ടിടവും നൽകിയിട്ടും കെട്ടിടത്തിൻറെ പണി പൂർത്തിയായിട്ടും രണ്ടുവർഷം കഴിഞ്ഞു. അവിടെ ഇതുവരെ ഒരു ആശുപത്രി തുറന്നു പ്രവർത്തിക്കുന്നതിൽ ഒരു തീരുമാനം ബന്ധപ്പെട്ട വകുപ്പ് എടുത്തു കാണുന്നില്ല. ഒരാശുപത്രി കൊണ്ട് വലിയ ഒരു വിഭാഗം ജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഒട്ടേറെ വർഷങ്ങളായി ജനങ്ങൾക്ക് നിഷേധിക്കപ്പെട്ട ഒരു സാഹചര്യം നിലവിലുണ്ട്. അതിന് അടിയന്തിരമായി പരിഹാരം ഉണ്ടാക്കാൻ എന്തെങ്കിലും നടപടികളും സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇന്നലെ ഈ കാര്യം എൻറെ ശ്രദ്ധയിൽപ്പെടുത്തി. ഞാൻ അതു സംബന്ധിച്ചുള്ള ഫയലുകളും വരുത്തിനോക്കി. ഒരേക്കർ സ്ഥലവും കെട്ടിടം പണിതും കൊടുക്കണമെന്നാണ് വ്യവസ്ഥ. നിർഭാഗ്യവശാൽ ഈ സ്ഥലം 66.5 സെൻറ് മാത്രമേയുള്ളൂ. ആ കാരണത്താൽ അത് അനുവദനീയമല്ലെന്നാണ് രേഖപ്പെടുത്തിക്കണ്ടത്. എങ്കിലും എക്സംപ്ഷൻ കൊടുത്തുകൊണ്ട് അനുവാദം കൊടുക്കാനും, വൈകാതെ അത് ഉദ്ഘാടനം ചെയ്യാനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly